# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 707    02.12.2015-ൽ മറുപടിക്ക്

**കാത്ത് ലാബ് സ്ഥാപിക്കുന്ന നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊല്ലം ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ; | (എ) | 2015-16 സാമ്പത്തികവർഷത്തിൽ കാത്ത് ലാബ് & ഐ.സി.യു സംവിധാനം ആരംഭിക്കുക എന്ന പദ്ധതിയിൽ ജില്ലാ ആശുപത്രി, കൊല്ലം, ജനറൽ ആശുപത്രി, എറണാകുളം, ജില്ലാ ആശുപത്രി, കോഴിക്കോട് എന്നിവിടങ്ങളിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു സ്ഥാപനത്തിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് 5 കോടി രൂപയോളം ചെലവുവരുന്നതിനാൽ നടപ്പുസാമ്പത്തികവർഷം ജനറൽ ആശുപത്രി, എറണാകുളം ആണ് തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ബി) | പ്രസ്തുത കാത്ത് ലാബ് നടപ്പ സാമ്പത്തിക വർഷം തന്നെ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) | നടപ്പുസാമ്പത്തികവർഷം കൊല്ലം ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് തുക വകയിരുത്തിയിട്ടില്ല. |
| (സി) | ഇതിനായി വേണ്ടി വരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ ? | (സി) | മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ